**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി-പെരുമ്പാവൂർ നഗരസഭയിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 02.12.2017 തീയതിയിൽ മരണപ്പെട്ട കെ.എ രവിയുടെ മകൻ ശ്രീ രാഹുൽ രവി-മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ (കൈ) നം.38/2019/തസ്വഭവ                    തിരുവനന്തപുരം,തീയതി.21.03.2019

==========================================================================

പരാമർശം:- 1. 24.05.1999 തീയതിയിലെ സ.ഉ(പി) നം. 12/99/ഉ.പ.ഭ.വ നമ്പർ ഉത്തരവ്.

2. ശ്രീ രാഹുൽ രവി സമർപ്പിച്ച 11.09.2017 തീയതിയിലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 01.12.2018-ലെ ഇ.4-11392/18 നമ്പർ കത്ത്.

4. 21.02.2018 തീയതിയിലെ സ.ഉ(കൈ)നം.5/2018/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

5. എറണാകുളം ജില്ലാ കളക്ടറുടെ 10.02.2019-ലെ ഡിസിഇകെഎം/1222/2019/ഇ.5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പെരുമ്പാവൂർ നഗരസഭയിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 02.12.2017 തീയതിയിൽ മരണപ്പെട്ട കെ.എ രവിയുടെ മകൻ ശ്രീ രാഹുൽ രവി അപേക്ഷ സമർപ്പിച്ചിരുന്നു. കെ.എ രവിയുടെ സേവനകാലം 12 വർഷം 09 മാസം 17 ദിവസമാണ്. പരേതന്റെ ജനന തീയതി സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 20.05.1965, 16.02.2005 ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

അപേക്ഷകൻ പ്ലസ് ടു പാസ്സായിട്ടുള്ളതും ടിയാന്റെ ജനന തീയതി 22.11.1993 എന്നതുമാണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും എറണാകുളം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ രാഹുൽ രവി എന്ന വ്യക്തിക്ക് ജോലി നൽകുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2,92,059/- രൂപയാണെന്ന് (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അൻപത്തി ഒൻപത് രൂപ മാത്രം) വെങ്ങോല വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ നഗരസഭയിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 02.12.2017 തീയതിയിൽ മരണപ്പെട്ട കെ.എ രവിയുടെ മകൻ ശ്രീ രാഹുൽ രവി എന്ന വ്യക്തിക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ പെരുമ്പാവൂർ നഗരസഭയിലോ എറണാകുളം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ എൽ.ഡി ക്ലാർക്ക് തസ്തികയിൽ പരാമർശം ഒന്നിലെ ഉത്തരവിന് വിധേയമായി നിയമനം നൽകുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/നഗരകാര്യ ഡയറക്ടർ ഒഴിവിന്റെ ലഭ്യത, നിയനം നൽകുന്നതിനുള്ള നിശ്ചിത ശതമാന പരിധി എന്നിവയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എസ് മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ
ജില്ലാ കളക്ടർ, എറണാകുളം
ശ്രീ രാഹുൽ രവി, കുഞ്ഞിട്ടിക്കുടി വീട്, അല്ലപ്ര പി.ഒ
പെരുമ്പാവൂർ, എറണാകുളം-683556 (രജിസ്റ്റേർഡ് പോസ്റ്റ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ